LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം ഇറമുഖ പദ്ധതി

160 (1987) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം ഇറമുഖ പദ്ധതി പ്രദേശത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടവരും മറ്റുനിലയിൽ ജീവനോപാധിയിൽ ഏർപ്പെട്ടവരും പദ്ധതി പ്രതികൂലമായി ബാധിച്ചിട്ടുളളവരും എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖപദ്ധതി നിർമ്മാണംമൂലം പദ്ധതി പ്രദേശത്തെ 325 മത്സ്യത്തൊഴിലാളികൾ സ്ഥിരമായി ബാധിതരാകുമെന്നും 2000-ത്തോളം മത്സ്യത്തൊഴിലാളികൾ താൽക്കാലികമായി ബാധിതരാകുമെന്നുമാണ് പദ്ധതിയുടെ പാരിസ്ഥിതിക സാമൂഹിക പഠന റിപ്പോർട്ടിൽ (2013) സൂചിപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനായി ഒരു Livelihood Impact Appraisal Committee(LIAC)-യും ഇതിന്മേൽ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതിനായി ഒരു അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. Livelihood Impact Appraisal Committee(LIAC) 18-9-2015-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേൽ 18,839 പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചു വരുന്നു. LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് മാത്രമെ ബാധിതരുടെ അന്തിമ പട്ടിക പൂർത്തിയാക്കുകയുള്ളൂ.

വിഴിഞ്ഞം ഇറമുഖ പദ്ധതി - ഭൂമി ഏറ്റെടുക്കൽ നടപടിയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളും

161 (1988) ശ്രീ. ബി. സത്യൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്കായി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂമി ഏറ്റെടുക്കാൻ നടപടിയും അടിസ്ഥാന സൗകര്യം ഒരുക്കാനുള്ള പദ്ധതികളും പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധമായി ഇതിനകം കൈക്കൊണ്ട തീരുമാനങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ അവശേഷിക്കുന്നവ ഏതൊക്കെ ; മൊത്തം ഏതെല്ലാം ഇനങ്ങളിൽ എത്ര രൂക ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ചെലവ് പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു ; ഏതെല്ലാം സാമ്പത്തിക വർഷങ്ങളിലായി എത്ര രൂക ഇതിനകം ചെലവഴിക്കുകയുണ്ടായി ; പൂർത്തിയാക്കുന്നതിന് എത്ര രൂക ഇനിയും ആവശ്യമായിട്ടുണ്ട് ;

(സി) സീ പോർട്ട് കമ്പനിയുടെ പേരിൽ വാങ്ങിയ ഭൂമിയിൽ അദാനി ഗ്രൂപ്പിന് കൈമാറിയത് എത്ര ഏക്കർ ; കൈമാറുമ്പോഴുള്ള മാർക്കറ്റ് വാല്യൂ എത്ര കോടിയായിരുന്നു ; അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചെലവാക്കിയത് മൊത്തം രൂക എത്രയായിരുന്നു ;

(ഡി) 28-7-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ആരംഭിച്ച ഭൂമി ഏറ്റെടുക്കലിന്റെയും അടിസ്ഥാന സൗകര്യം ഒരുക്കുന്നതു സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1. ഭൂമി: പദ്ധതിക്കാവശ്യമായ 90% ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു.
2. വെള്ളം: വെള്ളം എത്തിക്കുന്നതിനായുള്ള പദ്ധതി പൂർത്തിയായി.
3. വൈദ്യുതി: വൈദ്യുതി എത്തിക്കുന്നതിനായുള്ള പണികൾ പുരോഗമിച്ചുവരുന്നു.
4. റെയിൽ : റെയിൽ വികസനത്തിനായുള്ള ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി റെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിനെ സമീപിക്കുന്നതാണ്. റെയിൽ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ ഉടൻ ആരംഭിക്കുന്നതാണ്.

സർക്കാർ എടുത്ത തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ വികസനത്തിനും പുലിമുട്ട്, ഫിഷിംഗ് ഹാർബർ എന്നിവ ഉൾപ്പെടെ 3436 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽനിന്നും റെയിൽ വികസനം കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഉറമുഖ വികസനത്തിനായി വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	ചെലവഴിച്ച തുക (കോടിയിൽ)
2004 - 05	0.05
2005 - 06	0.22
2006 - 07	0.08
2007 - 08	1.31
2008 - 09	1.26
2009 - 10	3.09
2010 - 11	83.97
2011 - 12	227.63
2012-13	69.77
2013 - 14	229.9
2014 - 15	18.81
2015 - 16 ഒക്ടോബർ വരെ	4.33
മൊത്തം	640.42

പദ്ധതി പൂർത്തിയാക്കുന്നതിനായി ഭൂമിയും മറ്റ് അനുബന്ധ വികസന സൗകര്യങ്ങൾക്കുമായി 2796 കോടി രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏകദേശം 400 കോടി രൂപ പ്രതീക്ഷിക്കുന്ന റെയിൽ വികസനവും ഉൾപ്പെടുന്നു.

(സി) സീ പോർട്ട് കമ്പനിയുടെ പേരിൽ വാങ്ങിയ 203 ഏക്കർ ഭൂമി സർക്കാരിന് ലീസ് നൽകുകയും സർക്കാർ അതിൽ 199 ഏക്കർ ഭൂമി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് കമ്പനിക്ക് നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള Right of Way (RoW) നൽകുകയും ചെയ്തു. ഭൂമിക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

	തുക (കോടിയിൽ)
ഭൂമി	533
വെള്ളം	7
വൈദ്യുതി	51
റെയിൽ	4
ആകെ	595

(ഡി) 28-7-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

I. ഉറമുഖഭൂമി വികസനത്തിന് ആവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

II. പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസത്തെ സംബന്ധിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായി ഫിഷറീസ് സെക്രട്ടറി യോഗത്തെ ധരിപ്പിച്ചു.

III. NH 47 നേയും NH 47 ബൈപ്പാസിനേയും ബന്ധിപ്പിക്കുന്ന മൂന്ന് റോഡുകൾ (1. പള്ളിച്ചൽ - വിഴിഞ്ഞം, 2. ബാലരാമപുരം - മുക്കോല, 3. വഴിമുക്ക് - കാഞ്ഞിരംകളം) ദ്രുതപ്പെടുത്തുന്നതിനായി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി.

IV. നിർദ്ദിഷ്ട NH 47 ബൈപ്പാസ് മുക്കോലയിൽനിന്നും കോട്ടുകാലിലേക്ക് നീട്ടുന്നതിനായുള്ള നടപടികൾ കൈക്കൊള്ളാൻ തീരുമാനമായി.

എലത്തൂർ നിയോജക മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ

162 (1989) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എലത്തൂർ നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിനായി എത്ര തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്നും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly